**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 137** **05-07-2022 - ൽ മറുപടിയ്ക്ക്**

**ക്ഷീര സംഘങ്ങളിലൂടെയുള്ള സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ വി ശശി,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്ഷീര സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചുകൊണ്ട് മെച്ചപ്പെട്ട സേവനങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് ക്ഷീര സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചുകൊണ്ട് മെച്ചപ്പെട്ട സേവനങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിനായി “ക്ഷീര സംഘങ്ങൾക്ക് ധനസഹായം” പദ്ധതി വകുപ്പ് വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു. ക്ഷീരസംഘങ്ങൾക്കുള്ള അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി, പുതുതായി ആരംഭിക്കുന്ന ക്ഷീര സംഘങ്ങൾക്കുള്ള ധനസഹായം, പ്രവർത്തനരഹിതമായ ക്ഷീരസംഘങ്ങളുടെ പുനരുദ്ധാരണ ധന സഹായ പദ്ധതി, മിൽക്ക് റൂട്ട് ഇല്ലാത്ത സംഘങ്ങൾക്കുള്ള സഹായ പദ്ധതി, കൂടാതെ, ക്ഷീരസംഘങ്ങൾ മുഖേന പച്ചപ്പുൽ/വയ്ക്കോൽ വിതരണ പദ്ധതി എന്നിവ പരിഗണനയിലാണ്. ഫാർമേഴ്സ് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ, ഹൈജീനിക് മിൽക്ക് കളക്ഷൻ റൂം, കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, ചെലവ് കുറഞ്ഞ മാലിന്യസംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം, എന്നീ പദ്ധതികളും പരിഗണനയിലാണ്. ക്ഷീരസഹകരണ സംഘങ്ങളെ ശാക്തീകരിക്കുന്നതിനും ഗ്രാമീണമേഖലയിലെ പാൽ സംഭരണ വിതരണ സംവിധാനം ശക്തിപ്പെടുത്തുവാനും മേൽ പറഞ്ഞ പദ്ധതികൾ പ്രയോജനപ്പെടുന്നതാണ്. |
| (ബി) | എല്ലാ ക്ഷീര സംഘങ്ങളിലും പാൽ സംഭരണത്തിനുള്ള ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. കേരളത്തിലെ എല്ലാ ക്ഷീരസഹകരണ സംഘങ്ങളിലും പാൽ സംഭരിക്കുന്നതിനുള്ള ആധുനിക സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ സംഘങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കായി |

| | | | |
|---|---|---|---|
| | | | ക്ഷീരശ്രീ എന്ന യൂണിഫൈഡ് സോഫ്റ്റ്‌വെയർ പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | ക്ഷീര കർഷകർക്ക് ആവശ്യമായ എന്തെല്ലാം ഉല്പാദനോപാധികളും ആധുനിക സാങ്കേതികവിദ്യ പരിശീലനവുമാണ് ക്ഷീര സംഘങ്ങൾ വഴി നൽകിവരുന്നതെന്ന് വിശദമാക്കാമോ; | (സി) | ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് കാലിത്തീറ്റ, പച്ചപ്പുല്ല്, ഉണക്കപ്പുല്ല്/വൈക്കോൽ എന്നിവ സബ്സിഡി നിരക്കിൽ നൽകി വരുന്നു. പുൽകൃഷിയിലും പശുവളർത്തലിലും വൈദഗ്ധ്യം നേടുന്നതിനായി ക്ഷീര കർഷകർക്ക് ആധുനിക സാങ്കേതികവിദ്യ പരിശീലനങ്ങൾ ക്ഷീരവികസന വകുപ്പിന്റെ ക്ഷീരപരിശീലന കേന്ദ്രങ്ങൾ മുഖേന നൽകി വരുന്നു. |
| (ഡി) | സംസ്ഥാനത്തെ മികച്ച ക്ഷീര സംഘങ്ങളെ കണ്ടെത്തി പുരസ്കാരം നൽകുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | ഉണ്ട്. ക്ഷീരവികസന വകുപ്പ് എല്ലാ വർഷവും സംസ്ഥാനത്തെ മികച്ച ക്ഷീര സംഘങ്ങളെ കണ്ടെത്തി പുരസ്കാരം നൽകി വരുന്നുണ്ട്. ഡോ.വർഗ്ഗീസ് കുര്യന്റെ പേരിലുള്ള ഈ അവാർഡ് പരമ്പരാഗത സംഘങ്ങൾക്കും ആനന്ദ് മാതൃക സംഘങ്ങൾക്കും പ്രത്യേകം നൽകുന്നു. ഒരു ലക്ഷം രൂപയാണ് മികച്ച സംഘത്തിന് നൽകുന്ന അവാർഡ് തുക. |

സെക്ഷൻ ഓഫീസർ

## വിശദീകരണക്കുറിപ്പ്

എ) സംസ്ഥാനത്ത് ക്ഷീര സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചുകൊണ്ട് മെച്ചപ്പെട്ട സേവനങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിനായി "ക്ഷീര സംഘങ്ങൾക്ക് ധനസഹായം" പദ്ധതി വകുപ്പ് വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു. ക്ഷീരസംഘങ്ങൾക്കുള്ള അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി, പുതുതായി ആരംഭിക്കുന്ന ക്ഷീര സംഘങ്ങൾക്കുള്ള ധനസഹായം, പ്രവർത്തനരഹിതമായ ക്ഷീരസംഘങ്ങളുടെ പുനരുദ്ധാരണ ധന സഹായ പദ്ധതി, മിൽക്ക് റൂട്ട് ഇല്ലാത്ത സംഘങ്ങൾക്കുള്ള സഹായ പദ്ധതി, കൂടാതെ, ക്ഷീരസംഘങ്ങൾ മുഖേന പച്ചപ്പുൽ/വയ്ക്കോൽ വിതരണ പദ്ധതി എന്നിവ പരിഗണനയിലാണ്. ഫാർമേഴ്സ് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ, ഹൈജീനിക് മിൽക്ക് കളക്ഷൻ റൂം, കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, ചെലവ് കുറഞ്ഞ മാലിന്യസംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം, എന്നീ പദ്ധതികളും പരിഗണനയിലാണ്. ക്ഷീരസഹകരണ സംഘങ്ങളെ ശാക്തീകരിക്കുന്നതിനും ഗ്രാമീണമേഖലയിലെ പാൽ സംഭരണ വിതരണ സംവിധാനം ശക്തിപ്പെടുത്തുവാനും മേൽ പറഞ്ഞ പദ്ധതികൾ പ്രയോജനപ്പെടുന്നതാണ്.

ബി) കേരളത്തിലെ എല്ലാ ക്ഷീരസഹകരണ സംഘങ്ങളിലും പാൽ സംഭരിക്കുന്നതിനുള്ള ആധുനിക സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ് ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ സംഘങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കായി ക്ഷീരശ്രീ എന്ന യൂണിഫൈഡ് സോഫ്റ്റ്‌വെയർ പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

സി) ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് കാലിത്തീറ്റ, പച്ചപ്പുല്ല്, ഉണക്കപ്പുല്ല്/വൈക്കോൽ എന്നിവ സബ്സിഡി നിരക്കിൽ നൽകി വരുന്നു. പുൽകൃഷിയിലും പശുവളർത്തലിലും വൈദഗ്ധ്യം നേടുന്നതിനായി ക്ഷീരകർഷകർക്ക് ആധുനിക സാങ്കേതികവിദ്യ പരിശീലനങ്ങൾ ക്ഷീരവികസന വകുപ്പിന്റെ ക്ഷീരപരിശീലന കേന്ദ്രങ്ങൾ മുഖേന നൽകി വരുന്നു

**ഡി) ക്ഷീരവികസന വകുപ്പ് എല്ലാ വർഷവും സംസ്ഥാനത്തെ മികച്ച ക്ഷീര സംഘങ്ങളെ കണ്ടെത്തി പുരസ്കാരം നൽകി വരുന്നുണ്ട്. ഡോ.വർഗ്ഗീസ് കുര്യന്റെ പേരിലുള്ള ഈ അവാർഡ് പരമ്പരാഗത സംഘങ്ങൾക്കും ആനന്ദ് മാതൃക സംഘങ്ങൾക്കും പ്രത്യേകം നൽകുന്നു. ഒരു ലക്ഷം രൂപയാണ് മികച്ച സംഘത്തിന് നൽകുന്ന അവാർഡ് തുക .**